# കേരള സർവകലാശാല

നം.പി.ആർ.151/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാ വിജ്ഞാപനം

2019 സെപ്റ്റംബറിൽ നടത്തുന്ന ബി.കോം ആന്വൽ സ്കീം പാർട്ട് മൂന്ന് സപ്ലിമെന്ററി പരീക്ഷയ്ക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലങ്ങൾ

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2018 ഡിസംബർ, 2019 ഫെബ്രുവരിയിൽ നടത്തിയ പ്രീവിയസ്/ഫൈനൽ എം.എ മലയാളം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. മാർക്ക്ലിസ്റ്റുകൾ ജൂലൈ 19 ന് ശേഷം ഹാൾടിക്കറ്റുകൾ ഹാജരാക്കി പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റേണ്ടതാണ്. എട്ടാം സെമസ്റ്റർ ബി.ടെക് ബിരുദം (2013 സ്കീം) ഡിസംബർ 2018 സപ്ലിമെന്ററി പരീക്ഷയുടെ സിവിൽ, കമ്പ്യൂട്ടർ സയൻസ്, കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ 22 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. വിദൂര വിദ്യാഭ്യാസ കേന്ദ്രം 2018 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ എം.കോം സപ്ലിമെന്ററി, 2019 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.കോം സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ജൂലൈ 24 മുതൽ ഹാൾടിക്കറ്റ്, ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കി മാർക്ക്ലിസ്റ്റ് EG V സെക്ഷനിൽ നിന്നും കൈപ്പറ്റേണ്ടതാണ്. 2019 ഫെബുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ ഹിസ്റ്ററി പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. മാർക്ക്ലിസ്റ്റുകൾ ജൂലൈ 18 മുതൽ ഇജി II സെക്ഷനിൽ നിന്നും ഹാൾടിക്കറ്റുകൾ ഹാജരാക്കി കൈപ്പറ്റേണ്ടതാണ്. 2019 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട്/ഡിസർട്ടേഷൻ

വിദൂര വിദ്യാഭ്യാസവിഭാഗം പ്രോജക്ട്/ഡിസർട്ടേഷൻ ചെയ്യാൻ താൽപ്പര്യമുള്ള എം.എ/എം.എസ്.സി (ഇംഗ്ലീഷ്/മാത്തമാറ്റിക്സ് ഒഴികെയുള്ള) നാലാം സെമസ്റ്റർ വിദ്യാർത്ഥികൾ ഓപ്ഷൻ ഫോം ജൂലൈ 20 ന് മുൻപായി കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ഓപ്ഷൻ ഫോം www.ideku.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.എഡ് അഡ്മിഷൻ

സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് 2019-21 അദ്ധ്യയന വർഷത്തിലേക്കുള്ള ബി.എഡ് അഡ്മിഷൻ ആഗസ്റ്റ് 20 വരെ നടത്താവുന്നതാണ്.

## പരീക്ഷാഫീസ്

സൈക്കോളജി വിഭാഗം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്സ്) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ജൂലൈ 22 വരെയും 50 രൂപ പിഴയോടെ ജൂലൈ 25 വരെയും 125 രൂപ പിഴയോടെ ജൂലൈ 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019
## കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ യു.ജി/ പി.ജി. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിനുള്ള ലിസ്റ്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. വിദ്യാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ലിസ്റ്റ് പരിശോധിക്കേണ്ടതാണ്. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ടും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പും, കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം നിശ്ചിത തീയതികളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. യു.ജി കോഴ്സുകൾക്ക് ജൂലൈ 15, ജൂലൈ 16 (വൈകുന്നേരം 5 മണി വരെ) തീയതികളിലും, പി.ജി കോഴ്സുകൾക്ക് ജൂലൈ 17, ജൂലൈ 18 (ഉച്ചക്ക് 1 മണി വരെ) തീയതികളിലുമാണ് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

മേൽ പറഞ്ഞ തീയതികളിൽ കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യർത്ഥികളെ മാത്രം ഉൾപ്പെടുത്തി യു.ജി. 17.07.2019-ലും, പി.ജി. 18.07.2019-ലും വെബ്സൈറ്റിലും കോളേജുകളിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടാകും.

പ്രസ്തുത റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജൂലൈ 18, 19, 20 എന്നീ തീയതികളിൽ യു.ജിക്കും, ജൂലൈ 19, 20 എന്നീ തീയതികളിൽ പി.ജി-ക്കും കോളേജുകളിൽ പ്രവേശനം നടത്തുന്നതാണ്. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല. കമ്മ്യൂണിറ്റി ക്വാട്ട ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ കോളേജുകളിൽ പ്രവേശനം നേടിയില്ലായെങ്കിൽ പോലും അവരുടെ മെറിറ്റ് ലിസ്റ്റിനെ ഒരുതരത്തിലും ബാധിക്കുകയില്ല. താൽപര്യമുണ്ടെങ്കിൽ മാത്രം കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നേടിയാൽ മതിയാകും.

കമ്മ്യൂണിറ്റി ക്വാട്ടയിലെ വിവിധ വിഷയങ്ങളിലെ സീറ്റുകളുടെ എണ്ണം വെബ്സൈറ്റിലും കോളേജ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
12-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098